പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 343 06.03.2012 ൽ മറുപടിയ്ക്ക്

ബൈതരണി താപവൈദ്യുത നിലയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഒറീസ്സയിലെ ബൈതരണിയിൽ നിന്ന് കൽക്കരി ഉപയോഗിച്ച് താപവൈദ്യുത നിലയം ആരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | ഒറീസ്സയിലെ ബൈതരണി കൽക്കരി പാടത്തിൽ നിന്നും ലഭ്യമാകുന്ന കൽക്കരി ഉപയോഗിച്ച് ഒറീസയിൽ തന്നെ ഒരു താപവൈദ്യുത നിലയം ഒറീസ സർക്കാരുമായി ചേർന്ന് സംയുക്തമായി നടപ്പാക്കുന്നതിന്റെ സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിലേയ്ക്കായി ഒറീസ സർക്കാരുമായി ഒരു ധാരണാപത്രം ഒപ്പുവെയ്ക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒറീസ്സ സർക്കാരിന്റെ മറുപടി ലഭിച്ചതിനുശേഷം ഇതിന്മേൽ കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) ഈ പദ്ധതിയുടെ ചെലവ് ആരാണ് വഹിക്കുന്നത് ; | (ബി) | പദ്ധതിയുടെ ചെലവ് കേരള സർക്കാരും, ഒറീസ്സാ സർക്കാരും തുല്യമായി പങ്കിടാനാണ് ലക്ഷ്യമിടുന്നത് |
| (സി) ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണം ചെയ്യുന്നതെങ്ങനെയാണ് ; | (സി) | പ്രസ്തുത താപനിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ശൃംഖലവഴി കേരളത്തിലേക്ക് എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) | രണ്ടു സംസ്ഥാനങ്ങളുടേയും കൽക്കരി വിഹിതം ഉപയോഗിച്ച് ഏകദേശം 2000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകും. ഇതിന്റെ പകുതി അതായത് 1000 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ